# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ.ജോസഫ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ 353**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരേ,

ലഹരി വസ്തുക്കളുടെ ഉപയോഗം അമിതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ലഹരിക്കെതിരെ പോരാടുക എന്നത് സഭയുടെ പ്രധാന ഉത്തരവാദിത്തമാണെന്ന് തന്നെ കണക്കാക്കാം. അടിമത്തത്തിലേക്ക് നയിക്കുന്ന ചില സ്വഭാവങ്ങൾ കാർന്നുതിന്നുകൊണ്ടിരിക്കുന്ന ഒരു യുവതലമുറയും കൗമാരക്കാരും നമ്മുടെ മുമ്പിൽ നിൽക്കുന്നു. നാശത്തിന്റെ വക്കിൽ നിൽക്കുന്ന ഇവരെ രക്ഷിക്കേണ്ടതും നമ്മുടെ വലിയ ഉത്തരവാദിത്തം ആണ്. തിന്മശക്തികൾക്കെതിരായ പോരാട്ടത്തിന് എന്നും മുൻതൂക്കം നൽകിക്കൊണ്ടിരിക്കുന്ന നമ്മുടെ സഭ ഇപ്പോഴും ആ പോരാട്ടത്തിൽ മുൻപന്തിയിൽ തന്നെ ആയിരിക്കണം.

1920–ലെ മുറുക്കാൻ പൊതി വിപ്ലവം ഏറെ പ്രശസ്തമാണ്. അക്കാലത്ത് സ്ത്രീകളും പുരുഷന്മാരും പുകയില കൂട്ടി മുറുക്കിയിരുന്നു. മാരാമൺ കൺവൻഷനിലെ മുഖ്യപ്രഭാഷകനായിരുന്ന ഷേർവുഡ് എഡ്ഡിയുടെ ആഹ്വാനം അനുസരിച്ച് പന്തലിൽ കൂടിയിരുന്ന ബഹുഭൂരിപക്ഷം പേരും മുറുക്കാൻ പൊതി മണലിൽ കുഴിച്ചിട്ട് മുറുക്ക് ഉപേക്ഷിച്ചു. ഈ വലിയ വിപ്ലവത്തിന് നൂറ് വർഷം പൂർത്തിയാവുന്ന ഈ കാലഘട്ടത്തിൽ ലഹരിക്കെതിരെ വിപ്ലവകരമായി തന്നെ പോരാടേണ്ടിയിരിക്കുന്നു.

നമ്മുടെ പൗരോഹിത്യ വജ്ര ജൂബിലിയോടനുബന്ധിച്ച് ആരംഭിച്ച ലഹരി വിമോചന സമിതിയുടെ പ്രവർത്തനങ്ങൾ സഭയുടെ ഒരു പ്രധാന സുവിശേഷ വേലയായി കണക്കാക്കി ലഹരി വിമോചന സമിതിയോട് ചേർന്ന് പ്രവർത്തിക്കുവാൻ മുന്നിട്ടിറങ്ങേണ്ടതാണ്.

2020 ജനുവരി 12–ാം തീയതി ഞായറാഴ്ച്ച ലഹരി വിരുദ്ധ ദിനമായി വേർതിരിച്ചിരിക്കുന്നു. ആ ദിവസത്തേക്ക് ക്രമീകരിച്ചിരിക്കുന്ന പ്രത്യേക ആരാധനക്രമം ഇടവകകളിൽ ഉപയോഗിക്കേണ്ടതാണ്. ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ യുവജനങ്ങളുടെ നേതൃത്വത്തിൽ ക്രമീകരിക്കണം.

മലയാലപ്പുഴ നവജീവകേന്ദ്രം, കോട്ടയം മോചന, പേയാട് നൈർമല്യ, വാളകം ആശ്വാസ്, അടൂർ അനുഗ്രഹ, കിടങ്ങന്നൂർ നവദർശൻ, വയനാട് മുക്തി, അഗളി ദർശന, കുമ്പനാട് കൗൺസിലിംഗ് സെന്റർ, പൊള്ളാച്ചി മിഷൻ മുതലായ ഡി-അഡിക്ഷൻ സെന്ററുകളിൽ ബോധവൽക്കരണ ക്ലാസുകൾ, കൗൺസലിംഗ്, ആൽക്കഹോളിക്സ് അനോണിമസ് മീറ്റിംഗുകൾ തുടങ്ങിയവ നടത്തിവരുന്നു.

നമ്മുടെ സഭാംഗങ്ങൾ ക്രിസ്തീയ സാക്ഷ്യം നിലനിർത്തുന്നതിന്റെ ഭാഗമായി ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും പൂർണ്ണമായി വിട്ടു നിൽക്കേണ്ടതാകുന്നു. ലഹരി വസ്തുക്കളുടെ ഉൽപാദനത്തിനോ, വിൽപ്പനയ്ക്കോ, ഉപയോഗത്തിനോ യാതൊരുവിധ പ്രോത്സാഹനവും നൽകുവാൻ പാടില്ല. ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവർ ഇടവകയുടെ തിരഞ്ഞെടുക്കപ്പെടുന്നസ്ഥാനങ്ങളിൽ നിന്ന് സ്വയം ഒഴിഞ്ഞ് നിൽക്കേണ്ടതാണ്. ലഹരി വിമുക്ത സമൂഹം എന്ന ലക്ഷ്യപ്രാപ്തിക്കായി സഭയായി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം. ലഹരി വിപത്തിൽ നിന്ന് നമ്മുടെ സമൂഹത്തെ രക്ഷിക്കുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങളും ഫലവത്താകുന്നതിന് ആവശ്യമായ പരിശുദ്ധാത്മ ശക്തി ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

കൃപ നിങ്ങളോടേവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2019 ഡിസംബർ മാസം 10–ാം തീയതി

J mmalabar

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**